"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.260/2024/CLAD തീയതി,തിരുവനന്തപുരം, 27-05-2024

---

പരാമർശം:- 1. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 23.04.2024-ലെ എ2/7/2024/ സിൽ നമ്പർ കത്ത്

2. 07.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 2202-05-102-96-36(പ്ലാൻ)" എന്ന ശീർഷകത്തിൽ 2,25,00,000/- (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2. 07.05.2024 -ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത ശിപാർശ വിശദമായി പരിശോധിച്ച് അംഗീകാരം നൽകുകയുണ്ടായി. മേൽ സാഹചര്യത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2202-05-102-96-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള 2,25,00,000/-രൂപ (രണ്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നിർവഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | **സെമിനാറുകളും ശില്പശാലകളും**<br>(സെമിനാറുകൾ, പുസ്തകരചനാ ശില്പശാലകൾ മലയാള ലിപിപരിഷ്കരണം ജില്ലാതല ശില്പ ശാലകൾ എന്നിവ സംഘടിപ്പിക്കുന്നതും അവ ഡോക്യുമെന്റ് ചെയ്യുന്നതും) | 7 |
| 2 | **കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തക മേളകൾ**<br>(ഇൻസ്റ്റിറ്റ്യൂട്ടിന്റെ വിജ്ഞാന പുസ്തകമേളകൾ) | 8 |
| 3 | **അടിസ്ഥാന സൗകര്യവികസനം** | 80 |

| | | |
|---|---|---|
| | (നിലവിലെ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാലകളുടെ നവീകരണം - 25 ലക്ഷം<br>ഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ ജനറേറ്റർ വാങ്ങുന്നതിന് -15 ലക്ഷം<br>കേന്ദ്രകാര്യാലയത്തിലെയും പ്രാദേശിക കാര്യാലയത്തിലെയും ഗോഡൗൺ നവീകരണം - 25 ലക്ഷം<br>വിജ്ഞാനമുദ്രണം പ്രസ്സിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ -15 ലക്ഷം) | |
| 4 | **കമ്പ്യൂട്ടറുകൾ, സ്സോഫ്റ്റ് വെയർ, ഇലക്ട്രോണിക് ഉപകരണങ്ങൾ**<br>(ഇ -ഓഫീസ് നടപ്പിലാക്കുന്നതിന് ലാപ് ടോപ്പ്, പ്രിൻറർ, സ്കാനർ എന്നിവ വാങ്ങുന്നതിനും ഡാറ്റ നെറ്റ്വർക്ക് സ്ഥാപിക്കുന്നതിനും CCTV സംവിധാനം ഏർപ്പാടാക്കുന്നതിനും - 14 ലക്ഷം<br>നിലവിലുള്ള വില്പന സോഫ്റ്റ്വെയർ പുതിയ വേർഷനിലേയ്ക്ക് അപ്ഡേറ്റ് ചെയ്യുന്നതിന് - 5 ലക്ഷം<br>പ്രസിദ്ധീകരണ വിഭാഗത്തിന്റെ ഉപയോഗത്തിനായി ഒറിജിനൽ സോഫ്റ്റ്വെയർ വാങ്ങുന്നതിന് - 2 ലക്ഷം) | 21 |
| 5 | **പരിശീലന പരിപാടി**<br>(അപ്രന്റീസ്ഷിപ് / ഇന്റേൺഷിപ് എന്നിവ ഇൻഹൗസ് പ്രോഗ്രാം ആയി ചെയ്യുന്നതിന് - 2 ലക്ഷം) | 2 |
| 6 | **പുസ്തകങ്ങളുടെ പ്രസിദ്ധീകരണവും പ്രചാരണവും**<br>(വൈജ്ഞാനിക പുസ്തകനിർമ്മാണം, വിജ്ഞാനകൈരളിയുടെ പ്രസിദ്ധീകരണം, കേരളത്തിന്റെ സമഗ്ര സ്വാതന്ത്ര്യ സമരചരിത്ര രചന പദ്ധതി പ്രകാരമുള്ള പുസ്തകപ്രസിദ്ധീകരണം, അച്ചടി ദൃശ്യ മാധ്യമങ്ങളിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളെക്കുറിച്ച് പരസ്യം ചെയ്യുന്ന പദ്ധതി) | 74 |
| 7 | **ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് പ്രവർത്തനങ്ങൾ**<br>(വൈജ്ഞാനിക സാഹിത്യഗ്രന്ഥങ്ങൾക്കുള്ള കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം തുടർപ്രവർത്തനങ്ങൾ - 13 ലക്ഷം<br>മലയാള നിഘണ്ടു ഓൺലൈനിൽ ലഭ്യമാക്കൽ തുടർപ്രവർത്തനം -10 ലക്ഷം<br>വെബ് പോർട്ടൽ നവീകരണവും പരിപാലനവും തുടർപ്രവർത്തനം - 10 ലക്ഷം) | 33 |
| | **ആകെ** | 225 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി വിധേയമായിരിക്കും.

1. പദ്ധതി നടത്തിപ്പിലേയ്ക്ക് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട purchase-കൾ (ITഅനുബന്ധ സാമഗ്രികൾ ഉൾപ്പെടെ) store purchases റൂൾസിനും IT procurement guidelines-നും അനുസൃതമായിരിക്കേണ്ടതും വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

3. പദ്ധതി ഘടകങ്ങൾക്കുള്ള തുക ബന്ധപ്പെട്ട നിർവഹണ ഏജൻസിയ്ക്ക് release ഓർഡർ ന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പിൻവലിച്ച് നൽകേണ്ടതാണ്.
ആവശ്യകതയ്ക്കനുസരിച്ച് മാത്രമേ തുക പിൻവലിക്കാൻ പാടുള്ളു.
4. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസ - സി) വകുപ്പ്
സാംസ്കാരികകാര്യ (ബി) വകുപ്പ്
ഡയറക്ടർ, ഐ & പി.ആർ.(വെബ് & ന്യൂ മീഡിയ വിഭാഗം) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (C1/91/2024-CLAD)

ഉത്തരവിൻ പ്രകാരം
Signed by
Mini T R
Date: 27-05-2024 14:45:31
സെക്ഷൻ ഓഫീസർ

പകർപ്പ് :-സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി. എസ്. ന്